**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2487** | **07-07-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ജില്ലയിൽ എത്ര വ്യവസായ പാർക്കുകളാണ് നിലവിലുള്ളതെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ 6 വ്യവസായ പാർക്കുകൾ ആണ് നിലവിലുള്ളത്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പാർക്കുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | നിയോജക മണ്ഡലത്തിന്റെ പേര് | എണ്ണം | വ്യവസായ എസ്റ്റേറ്റിന്റെ പേര് |
|---|---|---|---|
| 1. | അരൂർ നിയോജക മണ്ഡലം | 1 | ഡി.എ അരൂർ |
| 2. | ആലപ്പുഴ നിയോജക മണ്ഡലം | 1 | കയർ പാർക്ക് 1 |
| 3. | അമ്പലപ്പുഴ നിയോജക മണ്ഡലം | 1 | ഡി.പി പുന്നപ്ര |
| 4. | ചേർത്തല നിയോജക മണ്ഡലം | 1 | കയർ പാർക്ക് 2 |
| 5. | ചെങ്ങന്നൂർ നിയോജക മണ്ഡലം | 1 | ഡി.പി ചെങ്ങന്നൂർ |
| 6. | മാവേലിക്കര നിയോജക മണ്ഡലം | 1 | ഡി.എ കൊല്ലുകടവ് |

| | | | |
|---|---|---|---|
| | | | പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ കീഴിൽ ആലപ്പുഴ ജില്ലയിൽ 8.94 ഏക്കർ വിസ്തൃതിയിൽ ഒരു വ്യവസായ എസ്റ്റേറ്റും (ചേർത്തല), ഒരേക്കർ വിസ്തീർണ്ണമുള്ള മാരാരിക്കുളം, 1.25 ഏക്കർ വിസ്തീർണ്ണമുള്ള കടകരപ്പള്ളി എന്നീ മിനി വ്യവസായ എസ്റ്റേറ്റുകളുമാണുള്ളത്. ചേർത്തല വ്യവസായ എസ്റ്റേറ്റും, കടകരപ്പള്ളി മിനി വ്യവസായ എസ്റ്റേറ്റും ചേർത്തല നിയോജക മണ്ഡലത്തിലും മാരാരിക്കുളം മിനി വ്യവസായ എസ്റ്റേറ്റ് ആലപ്പുഴ നിയോജക മണ്ഡലത്തിലുമാണ് പ്രവർത്തിക്കുന്നത്.<br><br>പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി യുടെ വ്യവസായ വളർച്ചാ കേന്ദ്രം & മെഗാ ഫുഡ് പാർക്ക് ചേർത്തലയിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പാർക്കുകളിൽ നിലവിൽ എത്ര വ്യവസായ യൂണിറ്റുകൾ ഉണ്ടെന്നും പുതുതായി സംരംഭം തുടങ്ങുന്നതിന് എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളതെന്നും അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കാമോ; | (ബി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള പാർക്കുകളിലും എസ്റ്റേറ്റുകളിലുമായി നിലവിൽ 247 വ്യവസായ യൂണിറ്റുകളും ഉണ്ട്.<br><br>പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ കീഴിൽ 50 വ്യവസായ യൂണിറ്റുകൾക്കും കെ.എസ്.ഐ.ഡി യുടെ കീഴിൽ 57 വ്യവസായ യൂണിറ്റുകൾക്കുമായി ഭൂമി അനുവദിച്ച നൽകിയിട്ടുണ്ട്.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് പുതുതായി ലഭിച്ച 40 അപേക്ഷകൾ പരിശോധിച്ച് പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) | പ്രസ്തുത പാർക്കുകളിൽ സംരംഭം ആരംഭിക്കാൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്നും, സംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും സംരംഭം ആരംഭിക്കുവാൻ മതിയായ സ്ഥലമുണ്ടോയെന്നും വ്യക്തമാക്കാമോ? | (സി) | വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിലെ വ്യവസായ ഭൂമി അനുവദിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ വഴി സ്വീകരിക്കുന്ന അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്രോജക്ടിന്റെ സാങ്കേതിക മേൻമ, സാമ്പത്തിക ക്ഷമത, പ്രൊജക്ട് വിഭാവനം ചെയ്യുന്ന നിക്ഷേപ സാധ്യതകൾ, തൊഴിൽ സാധ്യതകൾ, പ്രാദേശിക ആവശ്യകത/ അനുയോജ്യത, അപേക്ഷകന്റെ നൈപുണ്യം, അനുഭവ ജ്ഞാനം എന്നിവയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന സംരംഭകർക്ക് ഭൂമി അനുവദിക്കുകയും ഇപ്രകാരം ഭൂമി അനുവദിക്കുമ്പോൾ അലോട്ടി ഹയർ പർച്ചെയ്സ് വ്യവസ്ഥയിലാണെങ്കിൽ സ്ഥലവിലയുടെ 50 % ഉം, ഔട്ട്റൈറ്റ് പർച്ചെയ്സ് വ്യവസ്ഥയിലാണെങ്കിൽ സ്ഥലവിലയുടെ 100 % മുൻകൂർ അടച്ച് സർക്കാരുമായി ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച് നൽകുന്ന വ്യവസായ ഭൂമിയിൽ 1 വർഷത്തിനുള്ളിൽ ആക്ടിവിറ്റി ആരംഭിക്കേണ്ടതാണ്.<br><br>വ്യവസായ വികസന ഏരിയ പ്ലോട്ടുകളിൽ സ്ഥലം ലഭ്യമാകുന്ന യൂണിറ്റുകൾക്കെല്ലാം അടിസ്ഥാന സൗകര്യങ്ങളായ ജലം, ആഭ്യന്തര റോഡ്, ഡ്രൈനേജ്, തടസ്സമില്ലാത്ത വൈദ്യുതി എന്നിവ ഉറപ്പുവരുത്തുന്നുണ്ട്.<br><br>ആലപ്പുഴ ജില്ലയിലെ ഡിഎ/ഡിപി കളിൽ നിലവിൽ സംരംഭകർക്ക് അനുവദിക്കാവുന്ന തരത്തിലുള്ള സ്ഥലം ഒഴിവില്ല.<br><br>സിഡോകോയുടെ വ്യവസായ എസ്റ്റേറ്റ്/മിനി വ്യവസായ എസ്റ്റേറ്റ്/ വ്യവസായ പാർക്കുകളിൽ പുതിയ വ്യവസായ സംരംഭകർക്ക് |

അനുവദിച്ചു നൽകുന്നതിനായി ഒഴിവുള്ള ഭൂമി നിലവിലില്ല. എന്നാൽ പ്രവർത്തനരഹിതമായ ഷെഡ്ഡ്/ഭൂമി തിരിച്ചെടുത്ത് പുതിയ വ്യവസായ സംരംഭകർക്ക് അനുവദിക്കുമ്പോൾ താഴെ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നുണ്ട്.

അപേക്ഷകൻ/അപേക്ഷക ചെറുകിട സംരംഭകർ ആയിരിക്കണം.

നിർദ്ദിഷ്ട വ്യവസായത്തിന്റെ പ്രോജക്ട് റിപ്പോർട്ട്, ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, നിരതദ്രവ്യം, ഫോട്ടോ ഐ.ഡി എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

ഷെഡ്ഡ് മാസവാടക വ്യവസ്ഥയിലും ഭൂമി 30 വർഷ ലീസ് വ്യവസ്ഥയിലോ തറവാടക വ്യവസ്ഥയിലോ മാത്രമായിരിക്കും അനുവദിക്കുക.

ലഭിക്കുന്ന അപേക്ഷകൾ ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി യോഗ്യരായ സംരംഭകർക്ക് അനുവദിച്ചു നൽകും.

വിവിധ സർക്കാർ ഉത്തരവ് പ്രകാരം സംരംഭകർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.

1. കേരള സിഡ്കോയുടെ അധീനതയിലുള്ള ചേർത്തല, കടകരപ്പള്ളി, മാരാരിക്കുളം എന്നീ എസ്റ്റേറ്റുകൾ 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000 ലെ 5) 2-ാം വകുപ്പ് (എഫ്) ഖണ്ഡപ്രകാരം വ്യവസായ പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത ആക്റ്റിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ടി എസ്റ്റേറ്റുകളിൽ വ്യവസായം നടത്തി വരുന്ന വ്യവസായികൾക്ക് ലഭിക്കുന്നതാണ്.

2. 05.07.1994-ലെ ജി.ഒ(ആർ.റ്റി)നം.591/94/ഐ.ഡി സർക്കാർ ഉത്തരവ് പ്രകാരം സിഡ്കോയുടെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റുകളിൽ വ്യവസായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതി ആവശ്യമില്ല.

3. 21.01.2003-ലെ 12/2003/റ്റി.ഡി നമ്പർ വിജ്ഞാപനപ്രകാരം വ്യവസായ എസ്റ്റേറ്റുകളിൽ ഷെഡ്ഡ്/ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കേണ്ട എഗ്രിമെന്റും മറ്റ് രേഖകളും രജിസ്റ്റർ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നതിൽ നിന്ന് വ്യവസായികളെ ഒഴിവാക്കിയിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി യിലെ വ്യവസായ പാർക്കുകളിൽ അലോട്ട്മെന്റ് പോളിസി പ്രകാരം വ്യവസായ യൂണിറ്റുകൾക്ക് 30 വർഷത്തെ പാട്ടവ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്. ഭൂമി ആവശ്യപ്പെട്ടുള്ള അപേക്ഷ കിട്ടിയതിനു ശേഷം 10 ഏക്കർ വരെയുള്ള അപേക്ഷകൾ ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി (DILAC) യുടെ തീരുമാനപ്രകാരവും 10 ഏക്കറും അതിൽ കൂടുതലുമുള്ള ഭൂമി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ലാൻഡ്

| | | | |
|---|---|---|---|
| | | | അലോട്ട്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരവും ആണ് അനുവദിക്കുന്നത്. പ്രസ്തുത പോളിസി പ്രകാരം മൊത്തം പാട്ട തുകയുടെ 50% അലോട്ട്മെന്റ് അനുവദിച്ച് 90 ദിവസത്തിനുള്ളിൽ അടക്കേണ്ടതാണ്. ബാക്കി 50% 2 വർഷത്തിനകം രണ്ടു തവണകളായി പലിശയോടു കൂടി അടക്കേണ്ടതാണ്.<br><br>അലോട്ട്മെന്റ് അനുവദിച്ചതിനു ശേഷം ആദ്യ രണ്ടു വർഷം ലൈസൻസ് കാലയളവായാണ് കണക്കാക്കുന്നത്. പ്രസ്തുത കാലയളവിനുള്ളിൽ യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങേണ്ടതാണ്. യൂണിറ്റ് പ്രവർത്തനം തുടങ്ങിയതിനുശേഷം മുഴുവൻ ലീസ് പ്രീമിയം അടച്ച് യൂണിറ്റുമായി 30 വർഷത്തിന്റെ ബാക്കി കാലയളവിലേക്ക് ലീസ് അഗ്രിമെന്റിൽ ഏർപ്പെടുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ